# മഹാത്മാ ഗാന്ധി സർവ്വകലാശാല

**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**

പ്രിയദർശിനി ഹിൽസ് പി.ഒ, കോട്ടയം- 686560

ഫോൺ:0481-2733512


## വാർത്താക്കുറിപ്പ് (2)

**2023 മാർച്ച് 3**

---

## ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ താത്കാലിക നിയമനം നടത്തുന്നത് ചട്ടങ്ങൾ പാലിച്ച്- സർവകലാശാല

മഹാത്മാ ഗാന്ധി സർവകലാശാലയിൽ ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ ചട്ടങ്ങൾ പൂർണമായും പാലിച്ചാണ് താത്കാലിക നിയമനം നടത്തുന്നതെന്ന് സർവകലാശാലാ രജിസ്ട്രാർ ഡോ. ബി. പ്രകാശ് കുമാർ അറിയിച്ചു. നിയമന നടപടികൾ സംബന്ധിച്ച് ചില മാധ്യമങ്ങളിൽ വന്ന വാർത്ത വസ്തുതാ വിരുദ്ധമാണെന്ന് അദ്ദേഹം വ്യക്തമാക്കി.

ഓഫീസ് അറ്റൻഡൻറ് തസ്തികയിലെ 172 താത്കാലിക ഒഴിവുകൾ റിപ്പോർട്ട് ചെയ്തതിനെത്തുടർന്ന് എംപ്ലോയ്മെൻറ് എക്സ്ചേഞ്ചിൽനിന്നും 1600ഓളം ഉദ്യോഗാർഥികളുടെ പട്ടിക നൽകിയിരുന്നു. ആദ്യ ഘട്ടമായി ഇതിൽ 600 പേരുടെ അഭിമുഖം മാർച്ച് 14,15,16 തീയതികളിൽ സർവകലാശാലാ കാമ്പസിലെ അസംബ്ലി ഹാളിൽ നടത്താൻ സിൻഡിക്കേറ്റിന്റെ തിരുമാനുസരിച്ച് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പട്ടികയിലുള്ളവർക്ക് ഇതു സംബന്ധിച്ച കത്തുകൾ അയച്ചുവരികയാണ്.

അറുന്നൂറു പേരുടെ അഭിമുഖം പൂർത്തിയായശേഷം പട്ടികയിലെ ശേഷിക്കുന്ന ഉദ്യോഗാർഥികളുടെ അഭിമുഖം നടത്തി, സംവരണം ഉൾപ്പെടെയുള്ള മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിലാണ് താത്കാലിക നിയമനം നടത്തുക -രജിസ്ട്രാർ പറഞ്ഞു.

(പി.ആർ.ഒ/39/256/2023)

**പബ്ലിക് റിലേഷൻസ് ഓഫീസർ**